**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **23-01-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലഹരി വ്യാപനം തടയുന്നതിനുള്ള എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. ലഹരി വ്യാപനം തടയുന്നതിനുള്ള എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | ലഹരി ഉപയോഗം വ്യാപകമാവുകയും തന്മൂലം കൊലപാതകങ്ങളുൾപ്പെടെ ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നൈറ്റ് പട്രോളിങ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ വാഹനങ്ങളും ഡ്രൈവർമാരും നിലവിൽ എക്സൈസ് വകുപ്പിനുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ലഹരി ഉപയോഗം തടയുന്നതിന് വേണ്ടി പട്രോളിംഗ് ശക്തമാക്കുവാൻ എക്സൈസ് വകുപ്പിനുള്ള വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു<br><br>Four Wheeler - 450 Nos<br><br>Two Wheeler - 399 Nos<br><br>Mini Bus- 2 Nos<br><br>Bus - 6 Nos<br><br>Total - 857 Nos<br><br>വകുപ്പിൽ നിലവിലുള്ള വാഹനങ്ങളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് അബ്കാരി കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ എക്സൈസ് വകുപ്പിലേക്ക് സർക്കാർ അനുവദിച്ച് നൽകുന്നുണ്ട്. ഇതിന് പുറമേ എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ തുക വകയിരുത്തി രാത്രികാല പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനു വേണ്ടി പുതിയ വാഹനങ്ങൾ വാങ്ങി വരുന്നുണ്ട്. |
| (സി) | നിലവിൽ എക്സൈസ് വകുപ്പിൽ വാഹനങ്ങൾക്കാനുപാതികമായി ഡ്രൈവർമാരുണ്ടോ; മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു വാഹനത്തിന് രണ്ട് ഡ്രൈവർമാർ എന്ന നിർദേശം നടപ്പാക്കിയിട്ടുണ്ടോ; | (സി) | വകുപ്പിൽ ആകെ 277 ഡ്രൈവർ തസ്തികകളാണുള്ളത്. വാഹനം അനുവദിച്ചിട്ടുണ്ടെങ്കിലും ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ലാത്ത 27 ഓഫീസുകളാണ് വകുപ്പിൽ നിലവിലുള്ളത്. ടി ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ എക്സൈസ് കമ്മീഷണർ 28.06.2024 തീയതിയിലെ |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | | EXC/5928/2023-XD1 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കാനാവില്ലെന്ന് 28.09.2024 തീയതിയിലെ എഫ്1/200/2022-നികുതി നമ്പർ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ് |
| (ഡി) | ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് അനുവദിച്ച അൻപത്തിയാറ് എക്സൈസ് ഡ്രൈവർ തസ്തികകളും പ്രൊപ്പോസൽ നൽകിയിരുന്ന നാല്പത്തിയാറ് ഡ്രൈവർ തസ്തികളും സൃഷ്ടിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിനായി അനുവദിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ഡി) | 23.04.2015 തീയതിയിലെ ജി.ഒ.(എം.എസ്) നം.69/2015/നി.വ പ്രകാരമാണ് വകുപ്പിൽ അവസാനമായി 30 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. |
| (ഇ) | കൂടുതൽ ഡ്രൈവർ തസ്തികകളുൾപ്പെടെ അനുവദിച്ച് ജീവനക്കാരുടെ എണ്ണം ഉയർത്തിക്കൊണ്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | കൂടുതൽ ഡ്രൈവർ തസ്തികകൾ സൃഷിടിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രോപ്പോസലുകൾ എക്സൈസ് കമ്മീഷണർ സമർപ്പിച്ചിരുന്നുവെങ്കിലും നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ കൂടുതൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന കാര്യം തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ